# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

15.03.2017-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3930

## വൈദ്യുതി ദുർവിനിയോഗം

| | ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളും ബാങ്ക് ഇതര പൊതുസ്ഥാപനങ്ങളും അശ്രദ്ധമായി എ.സി. ഉൾപ്പെടെയുള്ള വൈദ്യുതി ഉപകരണങ്ങൾ പ്രവർത്തിപ്പിച്ച് വൈദ്യുതി പാഴാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മേൽ സൂചിപ്പിച്ച പൊതുസ്ഥാപനങ്ങളിലെ ഊർജ്ജനഷ്ടം ഒഴിവാക്കാൻ എന്തെങ്കിലും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. ഊർജ്ജ നഷ്ടം ഒഴിവാക്കുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉൾപ്പെടെ ഊർജ്ജ സംരക്ഷണ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും ഊർജ്ജ സംരക്ഷണ ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഓഫീസുകളുടെ ഊർജ്ജ ഓഡിറ്റിംഗ് നടത്തി വരുന്നുണ്ട്. |
| (സി) | സംസ്ഥാനം കടുത്ത ഊർജ്ജ പ്രതിസന്ധി നേരിടുമ്പോൾ, മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ഊർജ്ജനഷ്ടം ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ? | (സി) | വേനൽക്കാലത്ത് അധിക വൈദ്യുതി ഉപയോഗം മുന്നിൽ കണ്ട് എല്ലാ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലും ഊർജ്ജ ഉപയോഗം കാര്യക്ഷമമാക്കുന്നതിനും ഇടവേളകളിലും വൈദ്യുത ഉപകരണങ്ങൾ ആവശ്യമില്ലാത്ത സമയങ്ങളിലും അവ സ്വിച്ച് ഓഫ് ചെയ്യുന്നതിനുമുള്ള അടിയന്തിര നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ